



# തിരിച്ചറിവാണ് തണൽ

## തനത് ഗൃഹനിർമാണ രീതികൾ തിരികെ പിടിക്കാൻ ശ്രമിക്കുന്ന തണൽ എന്ന കൂട്ടായ്മയുടെ വിശേഷങ്ങൾ

കോൺക്രീറ്റും കോൺട്രാക്ടറുമൊക്കെ ഉണ്ടായിട്ട് എത്രകാലമായി. ഏറിയാൽ എൺപതോ തൊണ്ണൂറോ വർഷം. അതിനു മുൻപത്തെ വീടുകളോ...? വീട്ടുകാരുടെയും അയൽക്കാരുടെയും കൂട്ടായ്മയിലായിരുന്നു ഓരോ വീടുകളുടെയും പിറവി. മിക്ക ഗ്രാമങ്ങൾക്കുമുണ്ടായിരുന്നു അവരുടേതായ നിർമാണവിദ്യകൾ... പ്രതിഭാവിലാസങ്ങൾ. ഇന്നോ...?



തനത് ഗൃഹനിർമാണവിദ്യകൾ തിരികെപ്പിടിക്കാൻ ശ്രമിക്കുകയാണ് 'തണൽ' എന്ന കൂട്ടായ്മ; പാരമ്പര്യവിജ്ഞാനം സമാഹരിക്കുകയും മറ്റുള്ളവരിലേക്കു പകരുകയും ചെയ്തുകൊണ്ട്.





മൺവീട് നിർമാണം പരിശീലിക്കുന്ന വിദേശികൾ (മുകളിൽ).

ആർക്കിടെക്ട് ബിജു ഭാസ്കറിന്റെ നേതൃത്വത്തിൽ 2011 ലാണ് തണൽ പിറവിയെടുക്കുന്നത്. ബയോ ഇൻഫർമാറ്റിക്സിലെ ജോലിയുപേക്ഷിച്ചെത്തിയ ശ്രീരാമൻ ഗൗതമൻ, പ്രകൃതിസ്നേഹിയായ കല്ലാശാരി ചന്ദ്രൻ, മേൽക്കൂര മെടയുന്ന നാരായണസ്വാമി, ബിജു ഭാസ്കറിന്റെ ഭാര്യ സിന്ധു തുടങ്ങി സമാനചിന്താഗതിക്കാരായ ഒരുകൂട്ടം ആളുകളാണ് തണലിന്റെ ഊർജം.

**പഠിച്ചും പഠിപ്പിച്ചും രേഖപ്പെടുത്തി സൂക്ഷിച്ചുമെല്ലാം നിർമാണവിദ്യയിലെ പാരമ്പര്യ വിജ്ഞാനം സംരക്ഷിക്കുകയാണ് തണലിന്റെ ലക്ഷ്യം.**

## മണ്ണിൽ മെനഞ്ഞ വീടുകൾ

തിരുവണ്ണാമലയിൽ രമണാശ്രമത്തിന് അടുത്തുള്ള പണ്ഡിതപ്പേട്ട് ഗ്രാമത്തിലാണ് തണലിന്റെ ആസ്ഥാനം. വരണ്ട മൊട്ടക്കുന്നിൽ പച്ചപ്പിന്റെ ഒരു കൂടാരം. ഗെയ്റ്റ് കടന്നാൽപ്പിന്നെ ഒരുതരി കോൺക്രീറ്റ്പോലും കാണാനില്ല! ബിജുവിന്റെ വീടായ 'വൃക്ഷ' അടക്കം ഇവിടെയുള്ള കെട്ടിടങ്ങളെല്ലാം മണ്ണും മുളയും ഓലയുംകൊണ്ട് നിർമിച്ചവയാണ്. ഒരിടത്തും വാട്ടർ ടാങ്കിനുപോലും കോൺക്രീറ്റോ പ്ലാസ്റ്റിക്കോ ഉപയോഗിച്ചിട്ടില്ല!

തനത് നിർമാണവിദ്യകളിലുള്ള ഗവേഷണവും







*വീടുകൾ പ്രകൃതിക്കുള്ള സമ്മാനമാണ്. ഇതിന് പ്രതിഫലം വാങ്ങാറില്ല. നിർമാണത്തിൽ വീട്ടുകാരുടെ പങ്കാളിത്തം നിർബന്ധമാണ്.*





വീടുനിർമാണത്തിനുള്ള മണ്ണ് കുഴയ്ക്കുന്നു.

വിവരസമാഹരണവും അടിസ്ഥാനമാക്കിയാണ് തണലിന്റെ പ്രവർത്തനം. ഈ അറിവുകൾ പ്രയോജനപ്പെടുത്തി പ്രകൃതിസൗഹാർദ വീടുകൾ നിർമിക്കാനുള്ള പരിശീലനവും നൽകും. അഞ്ച് വയസ്സുള്ള കുട്ടികൾക്കു മുതൽ ആർക്കിടെക്ടുമാർക്കു വരെയുള്ള പണിപ്പുരകൾ ഇതിൽ ഉൾപ്പെടും. തിരുവണ്ണാമലയിൽ മാത്രമല്ല, ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ഇവ സംഘടിപ്പിക്കാറുണ്ട്.

പ്രകൃതിസൗഹാർദ വീടുകളുടെ നിർമാണത്തിൽ വിദഗ്ധ പരിശീലനം നൽകുന്ന തണൽ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആണ് മറ്റൊരു ഉദ്യമം. വിരലിലെണ്ണാവുന്നവർക്കാണ് ഓരോ വർഷവും പ്രവേശനം. ക്ലാസ്മുറികളിലൂടെയല്ല, മൺവീടുകൾ നിർമിച്ചുതന്നെയാണ് പഠനം.

## വീട് ഒരു സമ്മാനം

വർഷം മൂന്നോ നാലോ വീടുകൾ. അത്രയേ തണൽ നിർമിക്കാറുള്ളു. പ്രതിഫലമായി പണം വാങ്ങാറില്ല. വേണമെങ്കിൽ വിത്തോ പണിയായുധങ്ങളോ നൽകാം. തണലിനെ സംബന്ധിച്ചിടത്തോളം പ്രകൃതിക്കുള്ള സമ്മാനമാണ് ഓരോ വീടുകളും.

ഫാം ഹൗസ്, അവധിക്കാല വസതി എന്നിവയൊന്നും തണൽ നിർമിക്കില്ല. നിലവിൽ വീടില്ലാത്തവർക്കായിരിക്കും മുൻഗണന.

താൽപര്യമുള്ള എല്ലാവർക്കും പഠനത്തിനും പരിശീലനത്തിനും അവസരം ലഭിക്കുംവിധമാണ് ഓരോ വീടും നിർമിക്കുക. നിർമാണത്തിൽ വീട്ടുകാരുടെ പങ്കാളിത്തവും നിർബന്ധമാണ്. അവനവന്റെ കൈമുദ്രകൾ പതിയുമ്പോഴേ വീടുമായി ആത്മബന്ധം രൂപപ്പെടൂ എന്നാണ് തണൽ മതം. ഒരാൾ വീട് നിർമിക്കാൻ പഠിച്ചു കഴിഞ്ഞാൽ പിന്നെ നാട്ടിലെ മറ്റു വീടുകളുടെ നിർമാണത്തിൽ സഹായിക്കാം. താൽപര്യമുള്ളവരെ പഠിപ്പിക്കുകയുമാകാം.

നിർമാണത്തിൽ പങ്കാളിയാകാൻ ഓരോരുത്തരും പ്രാപ്തരാകുന്നതോടെ വീടുപണി സങ്കീർണമല്ലാതാകും. നഷ്ടപ്പെട്ട ലാളിത്യം വീണ്ടെടുക്കാനാകും. അതാണ് തണലിന്റെ സ്വപ്നം.

# മനസ്സിന്റെ തുടർച്ചയാണ് വീട്

## വേറിട്ട നിർമാണശൈലിയും നിലപാടുകളും കൊണ്ട് ശ്രദ്ധേയനായ ആർക്കിടെക്ട് ബിജു ഭാസ്കറുമായി അഭിമുഖം



**ബിജു ഭാസ്കർ**
പ്രകൃതിദത്ത നിർമാണ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്ന ആർക്കിടെക്ട്. പ്രകൃതിവീടുകൾക്കായി സ്വയം സമർപ്പിച്ച ജീവിതരീതി. തനത് നിർമാണവിദ്യകളുടെ വീണ്ടെടുപ്പും പ്രചാരണവും ലക്ഷ്യംവയ്ക്കുന്ന തണലിന്റെ സ്ഥാപകൻ.

സന്യാസിയാകണമെന്നായിരുന്നു ബിജു ഭാസ്കറിന്റെ ആഗ്രഹം. നിയോഗം ആർക്കിടെക്ട് ആകാനും. രമണാശ്രമത്തിനടുത്ത് മൺവീട്ടിൽ താമസം; നിർമിച്ചു നൽകുന്ന വീടുകൾക്കു പ്രതിഫലമായി സ്വീകരിക്കുന്നത് വിത്തും പണിയായുധങ്ങളും. നിർമാണവിദ്യയിലെ നാട്ടറിവുകൾ തേടി ഇന്ത്യയാകെ സഞ്ചാരം; അറിയുന്നതിലേറെ പകർന്നു നൽകും. ആർക്കിടെക്ടുമാർക്കിടയിലെ സന്യാസിയാണ് ബിജു ഭാസ്കർ.

ആർക്കിടെക്ചർ പഠനത്തിനിടയിൽ നീണ്ടയാത്ര. വർഷങ്ങൾക്കു ശേഷമാണ് തിരിച്ചെത്തുന്നതും കോഴ്സ് പൂർത്തിയാക്കുന്നതും. സംഭ







വിദേശിക്ക് മണ്ണ് കുഴയ്ക്കുന്നതിൽ പരിശീലനം നൽകുന്നു. ബിജു ഭാസ്കർ വീടുനിർമാണത്തിനിടെ (വലതു മുകളിൽ).

**വളഹുലമായിരുന്നില്ലേ ജീവിതം?**

മണിപ്പാൽ ആർക്കിടെക്ചർ കോളജിലെ മൂന്നാം വർഷ പഠനത്തിനിടെയാണ് യാത്ര പോകുന്നത്. 1993 ൽ. ആർക്കിടെക്ചറും കലയും തമ്മിലുള്ള ബന്ധം തേടിയായിരുന്നു യാത്ര. ഖജുരാഹോയിൽ ആദിവാസിയായ രാജേന്ദ്രയെ കണ്ടതോടെ ജീവിതം വഴിമാറി. അദ്ദേഹമാണ് എന്റെ ഗുരു. വാരാണസിയിലെ കുൽബെൽ ഗോത്രത്തിൽപെട്ടയാളാണ് രാജേന്ദ്ര. ഇപ്പോഴും അവരവരുടെ വീട് സ്വയം നിർമിക്കുന്ന കൂട്ടരാണവർ. കിളികളെപ്പോലെ പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് നിർമാണം. കുൽബെലുകൾ വീടുണ്ടാക്കുന്ന രീതി ഇന്ത്യയിലെ ഒരു ആർക്കിടെക്ചർ കോളജിലും പഠിപ്പിക്കുന്നില്ല. പ്രകൃതിയിൽനിന്നെടുക്കുന്നതുകൊണ്ട് സ്വയം വീടുപണിയുന്നതിൽ ആത്മീയതയും രാഷ്ട്രീയവുമുണ്ടെന്ന തിരിച്ചറിവാണ് തണലിന്റെ പിറവിക്കു കാരണം. സമാനചിന്താഗതിക്കാരായ കുറച്ചുപേർ ഒപ്പം ചേർന്നത് അനുഗ്രഹമായി.

**ഒരു തൈ നടുന്നതുപോലെ ലളിതമാകണം വീടുനിർമാണം എന്നതാണ് തണലിന്റെ നയം. ഇത് സാധ്യമാണോ?**

എന്തുകൊണ്ടില്ല? നമ്മൾ തന്നെയല്ലേ നമ്മുടെ വീട് നിർമിച്ചിരുന്നത്. ആരാണ് വീടുനിർമാണത്തെ ഇത്ര സങ്കീർണമാക്കിയത്? ആർക്കാണ് അതുകൊണ്ട് നേട്ടം? പ്രകൃതിവിഭവങ്ങൾ, ലളിതമായ നിർമാണവിദ്യകൾ. ഇവ രണ്ടുമുണ്ടെങ്കിൽ തന്നെ സങ്കീർണത മാറിക്കിട്ടും.

**എന്താണ് തണൽ ഉയർത്തിക്കാട്ടുന്ന നിർമാ**







വെള്ളത്തിലിട്ട് മുള ട്രീറ്റ് ചെയ്യുന്നു. കല്ലും മുളയും ഓലയും കൊണ്ടുള്ള വീട് (വലതു മുകളിൽ).

**ണശൈലിയുടെ പ്രത്യേകത?**

പ്യുവർ വെജിറ്റേറിയൻ എന്നു പറയാറില്ലേ. അതുപോലെ 'പ്യുവർ ഓർഗാനിക്' ശൈലിയാണ് തണൽ പിന്തുടരുന്നത്. നൂറ് ശതമാനവും ജൈവം. നൂറ് ശതമാനവും പ്രകൃതിദത്തം. ഇത് ഞങ്ങളായി കണ്ടുപിടിച്ചതല്ല. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്നതാണ്. ഞങ്ങൾ അത് വീണ്ടെടുക്കുന്നു എന്നുമാത്രം.

ഒരുതരി സിമന്റ് പോലും ഉപയോഗിക്കുന്നില്ല എന്നതാണ് എടുത്തുപറയേണ്ട കാര്യം. മണ്ണ്, മുള, കുമ്മായം, പനയോല തുടങ്ങി പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ മാത്രമാണ് ഉപയോഗിക്കുന്നത്. ടൈൽ, പെയിന്റ് തുടങ്ങിയവയൊന്നും ഉപയോഗിക്കുന്നേയില്ല.

പരിസ്ഥിതിസൗഹാർദം എന്ന ലേബലിൽ പലരും മൺവീടുണ്ടാക്കുന്നത് സിമന്റ് കൂടി ചേർത്താണ്. നാല് ശതമാനത്തിലധികം സിമന്റ് ചേർന്നാൽ മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടും എന്നതാണ് വാസ്തവം. പിന്നീടതിനെ മണ്ണ് എന്നു വിളിക്കാൻ കഴിയില്ല. അത് തിരിച്ച് മണ്ണിൽ ലയിച്ചുചേരുകയുമില്ല. വീടുനിർമാണത്തിനായി തണൽ ഉപയോഗിക്കുന്ന മുഴുവൻ വസ്തുക്കളും മണ്ണിൽ ലയിച്ചുചേരും.



**കൂടുതൽ ഉറപ്പും ബലവും ലഭിക്കാനല്ലേ സിമന്റ് ചേർക്കുന്നത്?**

സിമന്റ് വന്നിട്ട് എത്രകാലമായി? അതിനു മുൻപ് ഇവിടെ ഉറപ്പും ബലവുമുള്ള കെട്ടിടങ്ങൾ നിർമിച്ചിട്ടില്ലയോ? സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന പശയും നാരുകളും കൊണ്ട് മണ്ണിനെ കല്ലുപോലെ ഉറപ്പുള്ളതാക്കിത്തീർക്കാം. കുളിർമാവിന്റെ തൊലി അരച്ചു ചേർത്തതും വരാൽ മത്സ്യത്തെ ഇട്ടുവച്ചതുമായ വെള്ളം ചേർത്ത് മണ്ണ് കുഴയ്ക്കുന്നതും കപ്പപ്പശയും പുളിങ്കുരു പുഴുങ്ങിയതു ചേർക്കുന്നതുമൊക്കെ നാടൻ ബദലുകളാണ്.

ഉറപ്പിനു മാത്രമല്ല, ചുവരിന് തിളക്കം വരാനും ഇഷ്ടംപോലെ വഴികളുണ്ടായിരുന്നു. മുട്ടയുടെ വെള്ളയും കരിയുമൊക്കെ ചേർത്ത് നിർമിച്ച ചുവരുകൾ ഇന്നത്തെ ഏത് ഗ്ലോസി ഫിനിഷിനോടും കിടപിടിക്കും.

ചുവരിന് നിറവും സുഗന്ധവും നൽകാനുള്ള സ്വാഭാവിക മാർഗങ്ങൾ ഇന്ന് എത്ര പേർക്കറിയാം? പൂക്കളും ഔഷധസസ്യങ്ങളുമൊക്കെ ചേർത്തായിരുന്നു ഇത് സാധ്യമാക്കിയിരുന്നത്.

**ഈ രീതിയിൽ നിർമിക്കുന്ന വീടുകൾക്ക് ഇന്നത്തെ സാഹചര്യങ്ങൾക്കാവശ്യമായ ഉറപ്പും ഈടുമൊക്കെ ഉണ്ടാകുമോ?**

സാഹചര്യം എന്നു പറയുന്നത് നമ്മുടെതന്നെ സൃഷ്ടിയാണ്. ഒരർഥത്തിൽ നമ്മുടെ മനസ്സിന്റെ തുടർച്ചയാണ് വീട് എന്നു പറയാം. മുന്നൂറു വർഷത്തിലധികം പഴക്കമുള്ള മൺവീടുകൾ കേരളത്തിലുണ്ട്. ഉറപ്പിനും ബലത്തിനുമൊന്നും ഒരു കുറവുമില്ലാതെ. മുള യഥാവിധി ട്രീറ്റ് ചെയ്താൽ എത്രകാലം വേണ



മൺവീട് (മുകളിൽ). മണ്ണുകൊണ്ട് ഇൻബിൽറ്റ് ഫർണിച്ചർ (താഴെ).

മെങ്കിലും കേടുകൂടാതിരിക്കും.

**തണൽ എങ്ങനെയാണ് മുള ട്രീറ്റ് ചെയ്യുന്നത്?**

വളരെ ലളിതമാണ്. പക്കംനോക്കി വെട്ടുക എന്നതാണ് ശ്രദ്ധിക്കേണ്ടത്. മുള മാത്രമല്ല, എത് മരമായാലും ഇങ്ങനെ വേണം മുറിക്കാൻ. അമാവാസിക്ക് രണ്ടോ നാലോ ദിവസം മുൻപ് മുറിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വൈകുന്നേരമോ രാത്രിയിലോ വേണം മുറിക്കാൻ. ഈ സമയത്ത് അന്നജം മുഴുവൻ കടയ്ക്കൽ സംഭരിക്കും. അന്നജത്തിന്റെ അംശമില്ലെങ്കിൽ പിന്നെ നീര് കുടിക്കാനായി കീടങ്ങൾ എത്തില്ല.



വെട്ടിയ ഉടനെ ഒഴുക്കുള്ള വെള്ളത്തിൽ ഇടുന്നതും പുകയ്ക്കുന്നതുമൊക്കെ മുള ട്രീറ്റ് ചെയ്യാനുള്ള മാർഗങ്ങളാണ്.

**പരിസ്ഥിതിസൗഹാർദ വീടുകൾ സാധാരണക്കാരന് താങ്ങാനാവുന്നില്ല എന്നതാണ് വാസ്തവം. ഇവയുടെ നിർമാണച്ചെലവ് വളരെയധികമാണ്?**

ശരിയാണ്. സസ്റ്റൈനബിൾ അല്ലെങ്കിൽ ഇക്കോ ഫ്രണ്ട്‌ലി എന്നത് ഒരു മാർക്കറ്റിങ് തന്ത്രമായി മാറിപ്പോയെന്നതാണ് യാഥാർഥ്യം.

ലാറി ബേക്കർക്കു ശേഷം ചെലവ് കുറഞ്ഞ വീടുകൾ നിർമിക്കുന്ന ഒരു ആർക്കിടെക്ട് ഇല്ലാതെപോയി. ഹരിത ഭവനങ്ങൾ ചെലവ് കുറഞ്ഞ രീതിയിൽ നിർമിക്കാനാകണം. അപ്പോഴേ സമൂഹത്തിന് അതുകൊണ്ടുള്ള പ്രയോജനം കിട്ടൂ. വീടിനടുത്തുതന്നെയുള്ള പ്രകൃതിവിഭവങ്ങൾ, നിർമാണത്തിൽ വീട്ടുകാരുടെ പങ്കാളിത്തം എന്നിവയെല്ലാം ചെലവ് നിയന്ത്രിക്കാനുള്ള ഫലപ്രദ മാർഗങ്ങളാണ്.

**വർഷത്തിൽ മൂന്നോ നാലോ വീടുകൾ മാത്രമേ രൂപകൽപന ചെയ്യുന്നുള്ളൂ...?**

ആലോചിച്ചെടുത്ത തീരുമാനമാണത്. വേണമെങ്കിൽ ഓടിനടന്ന് കുറേ വീടുകൾ ചെയ്യാം. അതിലും നല്ലത് വീടുണ്ടാക്കാൻ പഠിപ്പിക്കുകയാണെന്നാണ് വിശ്വാസം.

നമ്മളല്ല, നല്ല നിർമാണവിദ്യകളാണ് നിലനിൽക്കേണ്ടത്. അതിനാണ് തുടർച്ച വേണ്ടത്. ■

**സിനു കെ. ചെറിയാൻ**